സെക്യൂരിറ്റി ഓഫീസർ	- 1
അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ	- 3
സാർജന്റ്	- 3
ഹെഡ് ഗാർഡ്	- 3
സെക്യൂരിറ്റി ഗാർഡ്	- 83
ലേഡി സെക്യൂരിറ്റി ഗാർഡ്	- 3
മെസഞ്ചർ	- 1

മലബാറിൽ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കാൻ നടപടി

59 (6206) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് മലബാറിൽ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലപ്പുറം, കോഴിക്കോട് ജില്ലകളുടെ അതിർത്തിയിലുള്ള മാവൂരിൽ പ്രസ്തുത സ്ഥാപനം അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ച് കോഴിക്കോട് ജില്ലയിലെ എം.എൽ.എ.മാർ നിവേദനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ എന്തുനടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത് ; നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക അറിയിപ്പ് ലഭ്യമായിട്ടുണ്ട്. ഇതിനായി റോഡുകൾ, ജലം, വൈദ്യുതി മുതലായ എല്ലാ അടിസ്ഥാന സൗകര്യങ്ങളുള്ളതും 200 ഏക്കർ വീതം സ്ഥല സൗകര്യവുമുള്ള മൂന്നോ നാലോ പ്രദേശങ്ങൾ സംസ്ഥാന സർക്കാർ നിർദ്ദേശിക്കേണ്ടതും കേന്ദ്ര പ്രതിനിധികൾ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന് ഏറ്റവും അനുയോജ്യവുമായ സ്ഥലം തെരഞ്ഞെടുത്ത് കേന്ദ്ര സർക്കാരിന് നിർദ്ദേശം സമർപ്പിക്കുകയും ചെയ്യും. ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ ഏതെല്ലാമെന്ന് സർക്കാർ ഇതുവരെ തീരുമാനിച്ചിട്ടില്ല. ഇതുസംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ എം.എൽ.എ. മാർ സമർപ്പിച്ച ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly